പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.878 — 29.09.2016-ലെ മറുപടിക്ക്

" **പട്ടയം**"

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.രാജഗോപാലൻ | | ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ചീമേനി വില്ലേജിലെ കൈവശക്കാർക്ക് പട്ടയം ലഭിക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും ഈ വില്ലേജിൽ നേരത്തെ അനുവദിക്കപ്പെട്ടവർക്ക് ലഭ്യമായ പട്ടയം ഇവർക്ക് കൂടി ലഭ്യമാക്കുവാൻ എന്തെങ്കിലും തടസ്സമുണ്ടോ യെന്നും വ്യക്തമാക്കുമോ ? | (എ) | കാസർഗോഡ് ജില്ലയിലെ ചീമേനി വില്ലേജിലെ റീസർവ്വെ നമ്പർ 260/1A1A, 260/1A1C, 118/1 എന്നിവയിൽപ്പെട്ട മിച്ചഭൂമി കൈവശം വച്ചുവരുന്ന 116 പേരെ /കുടുംബങ്ങളെ 4 വിഭാഗങ്ങളായി (എ,ബി,സി,ഡി) തിരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് 28/01/2016-ലെ സ.ഉ.(കൈ.) നം.62/2016/ റവന്യൂ പ്രകാരം ലാൻഡ് ബോർഡ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു.<br><br>ഇവരിൽ 'എ' വിഭാഗത്തിൽപ്പെടുന്നവരിൽ നിന്ന് ഭൂനികുതി സ്വീകരിയ്ക്കുന്നതിനും, 'ബി' വിഭാഗത്തിൽ പ്പെട്ടവർക്ക് ലാൻഡ് ട്രിബ്യൂണൽ വഴി പട്ടയം നൽകുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. 'സി', 'ഡി' വിഭാഗത്തിൽപ്പെട്ടവരുടെ കൈവശഭൂമി സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ (മാർക്കറ്റ് വില, സർവ്വെ ചെയ്ത് കൈവശങ്ങളുടെ സ്കെച്ച്) തുടങ്ങിയവ അടിയന്തരമായി ലഭ്യമാക്കുന്നതിന് ഹോസ്ദുർഗ്ഗ് തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാന ത്തിൽ തുടർ നടപടികൾ സ്വീകരിയ്ക്കുന്ന താണ്. |

സെക്ഷൻ ഓഫീസർ